# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25.03.2026**

### പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. നാമനിർദേശ പത്രിക പിൻവലിക്കുന്നതിനുള്ള സമയ പരിധി നാളെ അവസാനിക്കും. വോട്ടെടുപ്പിന് ഇനി 15 ദിവസം മാത്രം.
2. പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.
3. പാർലമെൻറിൻറെ ഇരു സഭകളിലും നടപടിക ൾ പുരോഗമിക്കുന്നു. 2026 ലെ ധനകാര്യ ബിൽ ലോക്സഭ പാസാക്കി.
4. രാജ്യത്ത് മതിയായ അളവിൽ ക്രൂഡ് ഓയിൽ ശേഖരമുണ്ടെന്നും , റിഫൈനറികൾ പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നതായും കേന്ദ്ര പെട്രോളിയം മന്ത്രാലയം
5. പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ എൽപിജി ഉപഭോക്താക്കൾക്കായി നിർദേശങ്ങൾ പുറപ്പെടുവിച്ച് സംസ്ഥാന സർക്കാർ.
6. സംസ്ഥാനത്ത് താപനില ഉയരുന്നു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**നാമനിർദേശ പത്രിക (ഇൻട്രോ)**

നിയമസഭ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന് ഇനി 15 ദിവസങ്ങൾ മാത്രം. നാമനിർദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള സമയ പരിധി നാളെ അവസാനിക്കും. പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ പൂർത്തിയായി.

വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...

(ഹോൾഡ്)

സംസ്ഥാനത്ത് അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും .

❁❁❁❁❁❁❁❁❁❁❁❁❁

**നിയമസഭ തിരഞ്ഞെടുപ്പ്**

RNUTVPM

നിയമസഭ തിരഞ്ഞെടുപ്പിനുള്ള പ്രചാരണവും സംസ്ഥാനത്ത് ആവേശകരമായി പുരോഗമിക്കുന്നു. മുതിർന്ന നേതാക്കളെ അടക്കം എത്തിച്ചുള്ള പ്രചാരണവുമായി രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് പോവുകയാണ്. മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ പിണറായി വിജയൻ ഇന്ന് കോട്ടയത്ത് എൽഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. മല്ലികാർജുൻ ഖർഗേ, സച്ചിൻ പൈലറ്റ് എന്നീ മുതിർന്ന കോൺഗ്രസ് നേതാക്കൾ കോഴിക്കോട് ബീച്ചിൽ നടക്കുന്ന യുഡിഎഫ് റാലിയിൽ പങ്കെടുകയാണ് . പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഈ മാസം 29ന് തൃശ്ശൂരും പാലക്കാടും പ്രചാരണത്തിനെത്തും. പ്രതിപക്ഷനേതാവും മുതിർന്ന കോൺഗ്രസ് നേതാവുമായ വി.ഡി സതീശൻ ഇന്ന് ഒറ്റപ്പാലത്ത് പ്രചാരണം നടത്തി. കേന്ദ്രസഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ് ഗോപി നാളെ കോഴിക്കോട് റോഡ് ഷോയിൽ പങ്കെടുക്കും. ശക്തമായ പ്രചാരണമാണ് സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലും നടക്കുന്നത്. കടുത്ത ചൂടിനെ അവഗണിച്ചും, മികച്ച ജനപങ്കാളിത്തമാണ് പ്രചാരണ യോഗങ്ങളിൽ ദൃശ്യമാകുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

**കണ്ണൂർ - തിരഞ്ഞെടുപ്പ്**

കണ്ണൂർ ജില്ലയിൽ നിയസഭാ തെരഞ്ഞെടുപ്പിനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായതായി ജില്ലാ കളക്ടർ അരുൺ കെ വിജയൻ അറിയിച്ചു. ആകെ 21 ലക്ഷത്തി 76,984 വോട്ടർമാരാണ് ജില്ലയിൽ ഉള്ളത്. മാർച്ച് -15 വരെ അപേക്ഷ നൽകിയവരെ അന്തിമ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചു. ജില്ലയിലെ മുഴുവൻ പോളിങ്ങ് സ്റ്റേഷനുകളിലും വെബ് കാസ്റ്റിംഗ് സൗകര്യം ഒരുക്കുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

**കോട്ടയം ജില്ല - പരിശീലനം**

കോട്ടയം ജില്ലയിൽ പോളിംഗ് ഉദ്യോഗസ്ഥരുടെ ആദ്യഘട്ട പരിശീലനം നാളെ പൂർത്തിയാകും. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒൻപതു കേന്ദ്രങ്ങളിലാണ് പരിശീലനം നടക്കുന്നത്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

**മലപ്പുറം - തെരഞ്ഞെടുപ്പു ഒരുക്കം**

നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി മലപ്പുറം ജില്ലയിൽ ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കളക്ടർ ഡോ. വിനയ് ഗോയൽ അറിയിച്ചു. ജില്ലയിലെ വോട്ടർപട്ടിക, പോളിംഗ് സ്റ്റേഷനുകൾ, ഉദ്യോഗസ്ഥരുടെ വിന്യാസം, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയും പൂർത്തിയായി .ജില്ലയിലെ ആകെ വോട്ടർമാരുടെ എണ്ണം മുപ്പത്തിയാറ് ലക്ഷത്തി 32,210 ആണ്. ജില്ലയിലാകെ 3,682 പോളിംഗ് സ്റ്റേഷനുകളാണുള്ളത്. 80 വനിതാ സൗഹൃദ ബൂത്തുകളും 48 മാതൃകാ പോളിങ് സ്റ്റേഷനുകളും തയ്യാറാക്കിയിട്ടുണ്ട്. മൂന്ന് ബൂത്തുകൾ ഭിന്നശേഷിക്കാരാണ് നിയന്ത്രിക്കുക. 15 ഇടങ്ങളിലായി 43 ബൂത്തുകൾ പ്രശ്ന ബാധിത ബൂത്തുകളായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

**സർവകക്ഷി യോഗം**

പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ അമിത് ഷാ, എസ് ജയശങ്കർ, ഹർദീപ് സിങ്ങ് പുരി ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാരും, മുകുൾ വാസ്നിക്, ജോൺ ബ്രിട്ടാസ് തുടങ്ങിയ പ്രതിപക്ഷ പാർട്ടി നേതാക്കളും പങ്കെടുക്കുന്നുണ്ട്. പാർലമെൻറ് സമുച്ചയത്തിലാണ് യോഗം.

❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁

**പാർലമെൻറ്**

നടപടിക്രമങ്ങൾ പൂർത്തിയാക്കി ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. 2026 ലെ ധനകാര്യ ബിൽ ലോക്സഭ ശബ്ദവോട്ടോടെ പാസാക്കി. ബില്ലിന്മേലുള്ള ചർച്ചകൾക്ക് ധനമന്ത്രി നിർമല സീതാരാമൻ സഭയിൽ മറുപടി നൽകി. 2025 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്സി കോഡ് (ഭേദഗതി) ബില്ലും ലോക്സഭ പരിഗണിച്ചു .

PNUTVPM

സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ് (ജനറൽ അഡ്മിനിസ്ട്രേഷൻ) ബിൽ 2026 കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ഇന്ന് രാജ്യസഭയിൽ, അവതരിപ്പിച്ചു . 'കോർപ്പറേറ്റ് നിയമ (ഭേദഗതി) ബിൽ, 2026 സംയുക്ത പാർലമെന്ററി സമിതിയ്ക്ക് വിടുന്നതിനുള്ള പ്രമേയം കോർപ്പറേറ്റ് കാര്യ സഹമന്ത്രി ഹർഷ് മൽഹോത്ര രാജ്യസഭയിൽ അവതരിപ്പിച്ചു. ട്രാൻസ്ജെൻഡർ (അവകാശ സംരക്ഷണ) ഭേദഗതി ബിൽ പാർലമെൻറ് പാസാക്കി. ലോക്സഭ ഇന്നലെ അംഗീകാരം നൽകിയ ബിൽ രാജ്യസഭയും ഇന്ന് പാസ്സാക്കുകയായിരുന്നു. ട്രാൻസ്ജെൻഡർ വിഭാഗങ്ങളെ പുനർനിർവചിക്കുകയും, ലിംഗസ്വത്വം സ്വയംപ്രഖ്യാപിക്കുന്ന രീതിയ്ക്ക് മാറ്റം വരുത്തുകയും ചെയ്യുന്ന ബിൽ പ്രതിപക്ഷ പ്രതിഷേധത്തിനിടെയാണ് പാർലമെൻറ് പാസാക്കിയത്.

❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁ ❁

**സുജാത ശർമ്മ. - ഇൻട്രോ**

രാജ്യത്ത് മതിയായ അളവിൽ ക്രൂഡ് ഓയിൽ ശേഖരമുള്ളതായും , റിഫൈനറികൾ പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നതായും കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. പെട്രോൾ പമ്പുകളിൽ ഇന്ധനം എത്തിക്കുന്ന ടെർമിനലുകളിൽ ആവശ്യത്തിന് സ്റ്റോക്കുണ്ടെന്നും ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ തല വാർത്താസമ്മേളനത്തിൽ അവർ അറിയിച്ചു.
(വോയിസ്.....)
പെട്രോൾ, ഡീസൽ വിലയിൽ വർദ്ധനയുണ്ടായിട്ടില്ലെന്നും തെറ്റായ വാർത്തകളിൽ വിശ്വസിക്കരുതെന്നും ശ്രീമതി സുജാത ശർമ്മ പറഞ്ഞു

**എൽപിജി വിതരണം - കേരളം - ഇൻട്രോ**

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ എൽപിജി ഉപഭോക്താക്കൾക്കായി നിർദേശങ്ങൾ പുറപ്പെടുവിച്ചു. കേന്ദ്ര നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. കരിഞ്ചന്ത, അധിക വില ഈടാക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാൻ ജില്ലകളിൽ നമ്പറുകളും സജ്ജമാക്കിയിട്ടുണ്ട്.
വിശദാംശങ്ങളിലേക്ക്.....
(വോയിസ്)

RNU TVPM

സംസ്ഥാനത്ത് എൽപിജി വിതരണവുമായി ബന്ധപ്പെട്ട നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ക്രൈസിസ് മാനേജ്മെന്റ് സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വിതരണം നിയന്ത്രിത രീതിയിലായിരിക്കും. സർക്കാർ നിർദേശങ്ങൾ അനുസരിച്ച് നിർദ്ദിഷ്ട മേഖലകൾക്ക് മുൻഗണന നൽകിയായിരിക്കും വിതരണം . ആശുപത്രികൾ, അങ്കണവാടികൾ ഉൾപ്പെടെയുള്ള മുൻഗണനാ മേഖലകളുടെ എൽപിജി ആവശ്യകത പൂർണമായും നിറവേറ്റും. ഹോട്ടലുകൾ, റെസ്റ്റോറൻറുകൾ, കാന്റീനുകൾ തുടങ്ങിയ അർദ്ധ-മുൻഗണനാ മേഖലകൾക്ക് പ്രത്യേക ഇളവ് നൽകി യഥാർത്ഥ ആവശ്യകതയുടെ 40% ലഭ്യമാക്കും. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാ ക്രൈസിസ് മാനേജ്മെൻറ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. വിതരണ നിരീക്ഷണം, മുൻഗണനാ വിതരണം

എന്നിവ ഈ കമ്മിറ്റികൾ ഉറപ്പാക്കും. നിയമലംഘനങ്ങൾക്കെതിരെ കടുത്ത നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പരിഭ്രാന്തി മൂലമുള്ള എൽ പി ജി ബുക്കിംഗ് ഒഴിവാക്കണമെന്നും, വ്യാജവിപണി, കരിഞ്ചന്ത, അധിക വില ഈടാക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉദ്യോഗസ്ഥരെ അറിയിക്കണമെന്നും നിർദേശമുണ്ട്.
ന്യൂസ് ഡെസ്ക്, ആകാശവാണി.

☸☸☸☸☸☸☸☸☸☸☸☸☸

ഷിഗല്ല

കോഴിക്കോട് ജില്ലയിൽ ഷിഗെല്ല, പക്ഷിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിൻറെ അധ്യക്ഷയിൽ വിവിധ വകുപ്പുകളുടെ ഏകോപന യോഗം ചേർന്നു. ഷിഗെല്ലയുമായി ബന്ധപ്പെട്ട് 13 പോസിറ്റീവ് കേസുകളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തത്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ പക്ഷികളെ കൊല്ലുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

കാസർഗോഡ് - തീ പിടുത്തം

കാസർഗോഡ് ചെറുവത്തൂരിൽ പ്ലാസ്റ്റിക്ക് സംസ്കരണ കേന്ദ്രത്തിൽ തീ പിടുത്തം . തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ നിന്നും ഫയർ ഫോഴ്സ് സംഘം എത്തി തീ നിയന്ത്രണ വിധേയമാക്കി. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല

☸☸☸☸☸☸☸☸☸☸☸☸☸

കാലാവസ്ഥ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഉയർന്ന ചൂട് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും എന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്. കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ ഇന്നും നാളെയും താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ

സാധ്യതയുണ്ട്. പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ താപനില 37 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നേക്കാമെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു. അൾട്രാവയലറ്റ് സൂചിക ഉയർന്നതിൻറെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸
☸☸☸☸☸

RNU TVPM